പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4352 — 27/06/2013 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിനു കീഴിൽ ഓൺലൈനായി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിനു കീഴിൽ ഏതെല്ലാം സർട്ടിഫിക്കറ്റു കളാണ് ഓൺലൈനായി ലഭ്യമാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ - ഡിസ്ട്രിക്റ്റ്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി അക്ഷയ സെന്ററുകൾ വഴിയും നൽകി വരുന്നു. സർട്ടിഫിക്കറ്റുകളുടെ പേരു വിവരം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) റവന്യൂ വകുപ്പിൽ സമർപ്പിക്കുന്ന ഓൺലൈൻ അപേക്ഷകൾക്ക് കോർട്ട് ഫീ ഈടാക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തി-യിട്ടുളളത്; | (ബി) അക്ഷയ സെന്ററുകൾ വഴി അപേക്ഷ സമർപ്പിക്കുമ്പോൾ നൽകേണ്ട സർവീസ് ചാർജ്ജായ 20 രൂപയിൽ നിന്നും ഇപ്രകാരം നൽകിയ അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച് അക്ഷയ സെന്ററുകൾ അതാത് വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ്. |
| (സി) നേരിൽ അപേക്ഷ സമർപ്പിക്കുന്ന വർക്ക് എത്ര ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുളളത്; വിശദ വിവരം ലഭ്യമാക്കുമോ? | (സി) റവന്യൂ വകുപ്പിന്റെ പൗരാവകാശരേഖ പ്രകാരവും സേവനാവകാശ നിയമ പ്രകാരവും വിവിധ സർട്ടിഫിക്കറ്റുകൾക്ക് മൂന്നു ദിവസം മുതൽ മുപ്പതു ദിവസം വരെയാണ് കാലാവധി നിശ്ചയിച്ചിട്ടുളളത്. സേവനാവകാശ നിയമ പ്രകാരം പുറപ്പെടുവിച്ച 01/11/2012 ലെ സർക്കാർ ഉത്തരവ് (സാധാ) 379/2012/ഉ.ഭ.പ.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**